സർക്കാർ ഭൂമി സംബന്ധപ്പെട്ട കേസുകളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുന്നതിന് നിയമപരിരക്ഷ നൽകി 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമം നിയമസഭ പാസാക്കിയിട്ടുള്ളതാണ്. സർവ്വേ രേഖകളും റവന്യൂ രേഖകളും ഭൂമിയുടെ ഫോട്ടോയും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് പ്രയോജനം പരിശീലനം ലഭിച്ച ജീവനക്കാരെ വിനിയോഗിച്ച് ഡിജിറ്റൈസ് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് എന്ന പ്രോജക്ട് നിവവിൽ വന്നിട്ടുണ്ട്. സർവ്വേ അദാലത്ത് പ്രകാരവും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും ക്രമപ്പെടുത്തുന്ന രേഖകൾ ശരിയാണോ എന്ന് പഴയ റിക്കാർഡുകളുടെയും പുതിയ റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ താലൂക്ക് ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

15 (*105) ശ്രീ. സി. എ. മുഹമ്മദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) ഭൂരഹിതർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ലക്ഷ്യമിടുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത വാർഷിക കുടുംബവരുമാനം 75,000 രൂപയിൽ താഴെയുള്ളവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം സൗജന്യമായി പതിച്ചുകൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(ബി&സി) താലൂക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം വില്ലേജ് ഓഫീസർമാർ, താലൂക്ക് തഹസിൽദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ സർക്കാർ ഭൂമികളും മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും എന്നാൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമികൾ കൂടി കണ്ടെത്തി പദ്ധതിക്കായി ഉപയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

ഭക്ഷണ വിപണന കേന്ദ്രങ്ങളുടെ ഗ്രേഡിംഗ്

16 (*106) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷണ പാനീയങ്ങളുടെ ഗുണം, അളവ്, വിപണന കേന്ദ്രങ്ങളിലെ സേവന സൗകര്യങ്ങൾ എന്നിവയ്ക്ക് അനുസൃതമായി വില നിരക്ക് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഭക്ഷണ വിപണന കേന്ദ്രങ്ങളെ ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന് അനുവർത്തിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly